# അറിയിപ്പ്

പിന്നാക്ക സമുദായ വികസന വകുപ്പ് 2013-14 നടപ്പാക്കുന്ന മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുളള ഗ്രാന്റിന് താങ്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗ്രാന്റ് തുകയായ **Rs. 25000/-** രൂപയുടെ **DD** നൽകുന്നതിലേക്കായി ചുവടെ ശരി രേഖപ്പെടുത്തിയ സാക്ഷിപത്രങ്ങളും 100/- രൂപ മുദ്രപത്രത്തിൽ തയ്യാറാക്കിയ കരാറും ഈ ഓഫീസിൽ എത്തിച്ചു തരേണ്ടതാണ്. കരാറിന്റെ മാതൃകയും ഇതോടൊപ്പം ചേർക്കുന്നു.

## സാക്ഷിപത്രങ്ങൾ

1. ജാതി സർട്ടിഫിക്കറ്റ്
2. വരുമാന സർട്ടിഫിക്കറ്റ്
3. കൈവശാവകാശ സർട്ടിഫിക്കറ്റ്
4. ഇതേ ആവശയത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്നും/മുനിസിപ്പാലിറ്റിയിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷിപത്രം.
5. ഖാദിബോഡിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം.
6. മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയാണെന്ന തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയുടെ സാക്ഷ്യപത്രം.

To

# കരാർ പത്രം

രണ്ടായിരത്തിപതിമൂന്നാമാണ്ട്.............................മാസം.........................................തീയതി .....................................ജില്ലയിൽ...............................................................................താലൂക്കിൽ .....................................വില്ലേജിൽ..................................................................................... വീട്ടിൽ.......................................... മകൻ/മകൾ/ഭാര്യ .......................................... ഉം, കേരള ഗവർണ്ണർക്ക് വേണ്ടി പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുമായി ചേർന്ന് ഒപ്പിടുന്ന ഉഭയകക്ഷി കരാർ.

16/2/20013-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 18/20013/പിസവിവ ഉത്തരവിൻ പ്രകാരവും അതിൻ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഞാൻ പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം ലഭിക്കാൻ വേണ്ടി പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സമക്ഷം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

മേൽ പറഞ്ഞ അപേക്ഷ പ്രകാരം പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ ധനസഹായമായി 25000/-രൂപ (ഇരുപത്തി അയ്യായിരം രൂപാ മാത്രം) അദ്ദേഹത്തിന്റെ ............................... തീയതിയിലെ ബിസിഡിഡി - എ1/683/13 നമ്പർ നടപടി ഉത്തരവു പ്രകാരം ഈ പദ്ധതിയുമായി ബന്ധപ്പെട്ട ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അനുവദിച്ചിട്ടുണ്ട്.

അതനുസരിച്ച് ചുവടെ രേഖപ്പെടുത്തുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രമാണ് ധനസഹായമായി 25000/-രൂപ കൈപ്പറ്റുന്നത്.

1. ടി തുക മൺപാത്ര നിർമ്മാണത്തിനുള്ള ഷെഡ് നിർമ്മിക്കുന്നതിനും, ചക്രങ്ങൾ സ്ഥാപിക്കുന്നതിനും/മണ്ണരയ്ക്കുന്ന യന്ത്രം സ്ഥാപിക്കുന്നതിനും/മറ്റ് യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിനും ചെലവഴിക്കുന്നതാണ്.
2. ടി തുകയോടൊപ്പം 25000/- രൂപയിൽ കുറയാത്ത തുകയ്ക്കു കൂടിയുള്ള വിനിയോഗം അടക്കം 50000/- രൂപയിൽ കുറയാത്ത തുക പണം കൈപ്പറ്റി 45 ദിവസത്തിനുള്ളിൽ ചെലവഴിക്കേണ്ടതും ചെലവഴിച്ച തുകയുടെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.
3. മൊത്തം വിനിയോഗത്തിന്റെ മൂല്യം ഒരു ലക്ഷത്തിൽ അധികം ആകുന്ന പക്ഷം ഫണ്ടിന്റെ ലഭ്യതക്കു വിധേയമായി 2-ാം ഗഡുവായി 25000/- രൂപ കൂടി ലഭിക്കാൻ അർഹതയുണ്ടാകും.
4. പിന്നാക്ക സമുദായ വികസന വകുപ്പ് ഉദ്യോഗസ്ഥരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓവർസിയറോ/എഞ്ചിനീയറോ വിനിയോഗം സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5. കൈപ്പറ്റിയ ധനസഹായം മുഴുവനായോ ഭാഗികമായോ കളിമൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ടല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുകയാണെങ്കിൽ പ്രസ്തുത തുക മുഴുവനും ഒന്നിച്ച് തിരികെ അടയ്ക്കുന്നതാണ് ; അല്ലാത്ത പക്ഷം ഈടാക്കുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.
6. മേൽപ്പറഞ്ഞ പ്രകാരം തുക സർക്കാരിന് തിരികെ ഈടാക്കേണ്ടി വരികയാണെങ്കിൽ അതത് കാലത്തെ നിലവിലിരിക്കുന്ന റവന്യൂ റിക്കവറി നടപടികൾ മുഖേന പ്രസ്തുത തുക ഗുണഭോക്താവിൽ നിന്നും (സ്ഥാവര - ജംഗമ വസ്തുക്കൾ) ഈടാക്കുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അംഗീകരിച്ച് ഈ കരാർ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ മുമ്പാകെ ഒപ്പിട്ടു സമർപ്പിക്കുന്നു.

ഗുണഭോക്താവിന്റെ ഒപ്പ് :
പേരും മേൽ വിലാസവും

<u>സാക്ഷികൾ</u>

1.

2.